# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560**
**ഫോൺ: 0481 - 2733298, മൊബൈൽ : 9495119702**

പി.ആർ.ഒ./39/217/2018 2018 ഒക്ടോബർ 10

## വാർത്താക്കുറിപ്പ്

**ഒക്ടോബർ 17ലെ പരീക്ഷകൾ മാറ്റി**

മഹാത്മാ ഗാന്ധി സർവകലാശാല നാളെ (ഒക്ടോബർ 17) നടത്താൻ തീരുമാനിച്ചിരുന്ന പരീക്ഷകൾ മാറ്റിവച്ചതായി വൈസ് ചാൻസലർ അറിയിച്ചു. പുതുക്കിയ പരീക്ഷാ തീയതി പിന്നീട് അറിയിക്കും.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/218/2018 2018 ഒക്ടോബർ 15

## വാർത്താക്കുറിപ്പ്

**പ്രാക്ടിക്കൽ**

2018 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. ബയോടെക്‌നോളജി (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 23 മുതൽ അതത് കോളേജിൽ നടത്തും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

2018 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബോട്ടണി (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 23 മുതൽ 26 വരെ അതത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

**വാക്ക്-ഇൻ-ഇന്റർവ്യൂ**

മഹാത്മാ ഗാന്ധി സർവകലാശാലയുടെ തലപ്പാടി കാമ്പസിൽ പ്രവർത്തിക്കുന്ന അന്തർ സർവകലാശാല ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് അസോസിയേറ്റുകളെയും സീനിയർ/ജൂനിയർ പ്രൊജക്ട് ഫെലോകളെയും തെരഞ്ഞെടുക്കുന്നതിനായി ഒക്ടോബർ 20ന് രാവിലെ 11 മണിക്ക് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾ www.mgu.ac.in, www.iucbr.ac.in എന്നീ വെബ്‌സൈറ്റുകളിൽ ലഭിക്കും.

**ലോ കോളേജുകൾക്ക് അവധി**

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ലോ കോളേജുകളിലെ മുഴുവൻ അധ്യാപകരും നവംബർ 5 മുതൽ 10 വരെ നടക്കുന്ന എൽ.എൽ.ബി. പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പിൽ പങ്കെടുക്കേണ്ടതുകൊണ്ട് അന്നേ ദിവസങ്ങളിൽ ലോകോളേജുകളിലെ വിദ്യാർഥികൾക്ക് അവധി ആയിരിക്കും.

**പരീക്ഷാഫലം**

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. സൈക്കോളജി (പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 29 വരെ അപേക്ഷിക്കാം.

**ബാങ്ക് ടെസ്റ്റ് പരിശീലനം**

വിവിധ ബാങ്കുകളിലേക്ക് ഐ.ബി.പി.എസ്. നടത്തുന്ന മത്സര പരീക്ഷകൾക്കുള്ള പരിശീലനം മഹാത്മാ ഗാന്ധി സർവകലാശാലാ എംപ്ലോയ്‌മെന്റ് ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2731025.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ